**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1976**
**22.03.2012-ലെ മറുപടിക്ക്**

**ലൈബ്രറി ജീവനക്കാരുടെ പേ-റിവിഷൻ അപാകതകൾ പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.റ്റി.എ.റഹീം | | ശ്രീ.കെ.എം.മാണി,<br>ബഹു: ധനകാര്യ വകുപ്പു മന്ത്രി |
| (എ) | സമാന യോഗ്യതയുള്ള ലൈബ്രറി ജീവനക്കാർക്ക് വ്യത്യസ്ത തരത്തിൽ ശമ്പള പരിഷ്കരണം ശുപാർശചെയ്ത ഒമ്പതാം ശമ്പള കമ്മീഷന്റെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തുല്യ ജോലിക്ക് തുല്യ വേതനം എന്ന തത്വം പാലിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഇത്തരത്തിലുള്ള പരാതികൾ പരിശോധിച്ച് വരുന്നു. |
| (ബി) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ ലൈബ്രറി ജീവനക്കാരുടെ എട്ടാം പേ-റിവിഷനിലെ 8390-13270, 9190-15510 എന്നീ സ്കെയിലുകൾക്ക് ഒന്നു മുതൽ ഏഴുവരെയുള്ള പേ-റിവിഷനിലെ സ്കെയിലുകൾ ഏതെല്ലാമായിരുന്നെന്ന് വ്യക്തമാക്കാമോ; | 2004 ശമ്പള പരിഷ്കരണത്തിലെ 8390-13270, 9190-15510 എന്നീ ശമ്പള സ്കെയിലുകളിലുള്ള ജീവനക്കാർ നേരിട്ടുള്ള നിയമനം വഴിയോ പ്രൊമോഷൻ വഴിയോ സമയബന്ധിത ഹയർ ഗ്രേഡ് വഴിയോ ആയിരിക്കും ടി സ്കെയിലുകളിൽ എത്തിച്ചേരുന്നത്. അതിനാൽ ഇവർ ഓരോരുത്തരുടേയും മുൻ ശമ്പള പരിഷ്കരണങ്ങളിലെ ശമ്പള നിരക്കുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാൻ കഴിയുകയില്ല. എന്നാൽ ടി ശമ്പള സ്കെയിലുകളുടെ മുൻ ശമ്പള പരിഷ്കരണങ്ങളിലെ ആനുപാതികമായ പരിഷ്കരണം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കോമൺ പൂൾ, സെക്രട്ടേറിയറ്റിലെ വിവിധ ലൈബ്രറികൾ എന്നിവിടങ്ങളിൽ എട്ടാം പേ-റിവിഷനിലെ 8390-13270, 9190-15510 എന്നീ സ്കെയിലുകൾക്ക് ഒന്നു മുതൽ ഏഴ് വരെയുള്ള പേ-റിവിഷനിലെ സ്കെയിലുകൾ ഏതെല്ലാമായിരുന്നെന്ന് വ്യക്തമാക്കാമോ; | |
| (ഡി) | ഒന്നു മുതൽ എട്ട് വരെയുള്ള പേ-റിവിഷനിൽ മേൽ വിഭാഗം | മുകളിൽ (ബി), (സി) എന്നിവയുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസക്തമല്ല. |

| | | |
|---|---|---|
| | ജീവനക്കാരുടെ ശമ്പള സ്കെയിലുകൾ തുല്യമായിരുന്നുവോ എന്ന് വ്യക്തമാക്കാമോ; | |
| (ഇ) | സമാന ശമ്പള സ്കെയിൽ നൽകണമെന്ന് ആവശ്യപ്പെട്ട് ഏതൊക്കെ വിഭാഗം ലൈബ്രറി ജീവനക്കാരാണ് പരാതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | കോമൺ പൂൾ ലൈബ്രേറിയൻസ്, നിയമസഭാ ലൈബ്രറിയിലെ ജീവനക്കാർ എന്നിവരാണ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ സമാന തസ്തികകളുമായി ശമ്പള തുല്യത ആവശ്യപ്പെട്ടുകൊണ്ട് പരാതി നൽകിയിട്ടുള്ളത്. |
| (എഫ്) | ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | പരാതികൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| 1966 - പേ-റിവിഷൻ | 1968 - പേ-റിവിഷൻ | 1973- പേ-റിവിഷൻ | 1978 - പേ-റിവിഷൻ | 1983 - പേ-റിവിഷൻ | 1988 - പേ-റിവിഷൻ | 1992 - പേ-റിവിഷൻ | 1997 - പേ-റിവിഷൻ | 2004 പേ-റിവിഷനിലെ ശമ്പള സ്കെയിൽ |
|---|---|---|---|---|---|---|---|---|
| 160-250 | 190-320 | 345-580 | 520-900 | 950-1640 | 1220-2150 | 1520-2660 | 5000-8150 | 8390-13270 |
| 190-300 | 225-450 | 410-715 | 570-1070 | 1050-2000 | 1330-2555 | 1640-2900 | 5500-9075 | 9190-15510 |

S.O